# വായനയുടെ വസന്തം

## ജി.എച്ച്.എസ്.എസ്.കുമ്മിൾ

ലിറ്റിൽ കൈറ്റ്സ്

2019-20



ലിറ്റിൽ കൈറ്റ്സ്




# OUR H.M

## EDITORIAL BOARD



# Table of Figures

## ഉള്ളടക്ക പട്ടിക

ഉപന്യാസം....2
വായന....7
പുസ്തകം ഒരു ചങ്ങാതി....10
മാതൃ കേരളം....12
മഴ വന്നു... മഴ....14
തുറക്കാം.....വായനയുടെ വാതായനങ്ങൾ....16
കാൻസർ വാർഡിലെ ചിരി....18
കീഴടക്കാം, വായനയെ....22

**ഉപന്യാസം**

*വായിച്ചാൽ വളരും വായിച്ചിലെ ങ്കിലെൽ വളയും. വായനാദിനം വന്നെത്തിയപ്പോൾ കുഞ്ഞുണ്ണിമാഷിന്റെ ഈ വരികളാണ് ആദ്യം മനസ്സിലേക്ക് ഓടിയെത്തുന്നത്. ഇങ്ങനെ ഒരു ദിനം വായിക്കാൻ മാത്രമായി വേണമോ എന്നാണ് എന്റെ ചിന്ത. മറക്കാതിരിക്കാനായി ഒരു വായനാദിനം എന്നു വേണമെങ്കിൽ പറയാം. എന്താണ് ആദ്യമായി വായിച്ചതെന്ന് ഓർമ്മയില്ല. എങ്കിലും വായനാദിനത്തിൽ ഓർക്കാൻ പലതുണ്ട്. കുമാരനാശാൻ,*

വള്ളത്തോൾ, ബഷീർ, ഒ. എൻ. വി, മാധവി ക്കുട്ടി തുടങ്ങി മലയാളത്തിൽ വായനയു ടെ സുകൃതം പകർന്നവർ നിരവതി പേരുണ്ട്. മലയാളിയെ അക്ഷരത്തിന്റെ യും, വായനയുടേയും ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുകയും കേരളത്തി ലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന് അടിത്ത റയിട്ട ശ്രീ. പി. എൻ പണിക്കരുടെ ചരമ ദിനമായ ജൂൺ-19 ഇത്തരമൊരു കാര്യത്തിന് അനുയോജ്യമായ ദിവസം എന്നുതന്നെ പറയാം. വായന മരിക്കുന്നു എന്ന് പലരും പറയുന്നു. എന്നാൽ അതല്ല യാഥാർത്ഥ്യം. വായനയുടെ രൂപവും രീ തികളുമാണ് മാറിയിരിക്കുന്നത്. ഇന്റർ

നെറ്റും, ഇ-മെയിലും ഉപോഗിക്കിന്നവരാ
ണ് പലരും. പുസ്തകവായന ആഴമുള്ളതാ
ണെങ്കിൽ, ഓൺലൈൻ വായന
പരന്നതെന്ന് പറയാം. ഒരു വിരൽ
തുമ്പിൽ ഒതുങ്ങുന്ന വായന തീർച്ചയാ
യും കൗതുകമുള്ളതുതന്നെ. സാങ്കേതിക
വിദ്യ വികസിച്ചത്തോടെ കത്തുകളുടെ
സ്ഥാനത്ത് ഇടം പിടിച്ച ഇ-മെയിലുകളും
ബ്ലോഗുകളും ആധുനിക തലമുറയെ
വായനയോട് അടുപ്പിക്കുന്നുണ്ട്. വരും
കാല സാങ്കേതികവിദ്യ വായനയെ
ഏതുതരത്തിൽ നമ്മുക്ക് മുന്നിൽ എത്തി
ക്കുമെന്ന് പറയാൻ കഴിയില്ല. എന്നാൽ
ഒരിക്കലും മണവും സ്പർശനവും അറിഞ്ഞു

കൊണ്ടുള്ള പുസ്തക വായന മാറ്റിവെച്ച്
ഓൺലൈൻ വായനയെ പരിപോഷിപ്പി
ക്കരുത്.സ്കൂൾ തുറന്ന് പുത്തൻ ബാഗും
ഉടുപ്പുമൊക്കെയിട്ട് സ്കൂളിൽ എത്തുമ്പോൾ
നിങ്ങൾക്കായി സ്കൂൾ ലൈബ്രറിയിൽ
എത്ര സുഗന്ധമുള്ള പുസ്തകങ്ങളാണ്
ഒരുക്കിയിരിക്കുന്നത്.പുസ്തകങ്ങളെ
ഹൃദയത്തോട് ചേർത്ത് പിടിക്കാൻ
ഓരോരുത്തർക്കും കഴിയണം.ഭാഷയുടെ
നിലനിൽപ്പിനെ പറ്റി ചിന്തിക്കാൻ ഈ
വായനാദിനം ഉപയോഗപ്പെടുത്തണം.

*FATHIMA RAMSANA 9B*

**വായന**

*വായന ഒരു മനുഷ്യനെ രൂപപ്പെടുത്തുന്നു എന്ന് ഇംഗ്ലീഷ് ലേഖനങ്ങളുടെ പിതാവായ ഫ്രാൻസിസ് ബേക്കൺ പറഞ്ഞിട്ടുണ്ട്. ഒരു സംസ്കാര സമ്പന്നനായ മനുഷ്യന് വായന ഏറ്റവും വലിയ ആനന്ദം നൽകുന്നു. വായന ഒരാൾക്ക് വിശാലമായ കാഴ്ച്ചപ്പാട് നൽകുകയും മുൻവിധികളെ ഇല്ലാതാക്കുകയും ചെയ്യുന്നു.പുസ്തകങ്ങൾ മനുഷ്യന്റെ ഏറ്റവും നല്ല സുഹൃത്തുക്കളാണ്.നമ്മുക്ക് ആവശ്യം വരുന്ന സന്ദർഭങ്ങളിൽ അവ ഒരിക്കലും നമ്മളെ വഞ്ചിക്കുകയോ കൈവിടികയോ ഇല്ല.അവ നമ്മളെ ശരിയായ പാതയിലൂടെ നയിക്കു*

ന്നു.

മഹത്തായ പുസ്തകങ്ങൾ മഹാത്മാക്കളുടെ മനസ്സിന്റെ പ്രതിഫലമാണ്. മഹാന്മാരായ സാഹിത്യകാരന്മാരുടെ സൃഷ്ടികളിൽ അവരുടെ ദർശനങ്ങളുടെ ശക്തിയും സൗന്ദര്യവും ദർശിക്കാം. അവർ നമ്മുടെ മുന്നിൽ വരുകയും അവരുടെ പുസ്തകങ്ങളിലൂടെ നമ്മളോട് സംസാരിക്കുകയും ചെയ്യുന്നു. പുസ്തകങ്ങൾ നമ്മളെ വിജ്ഞാനത്തിന്റേയും സന്തോഷത്തിന്റേയും ലോകത്തെത്തിക്കുകയും ദൈനം ദിന ജീവിതത്തിന്റെ ഉൽകണ്ഠകളിൽ നിന്ന് മോഹിപ്പിക്കുകയും ചെയ്യുന്നു.

വായിക്കാൻ പുസ്തകം തെരെഞ്ഞടുക്കു മ്പോൾ നാം ശ്രദ്ധിക്കണം കാരണം പു

സ്തകങ്ങളിൽ നല്ലതും ചീത്തയുമുണ്ട്.

*ASWATHY 9B*

പുസ്തകം ഒരു ചങ്ങാതി

ഇന്ന് ജ്രൂൺ 19 വായനാവളർത്തച്ഛൻ

P N പണിക്കരുടെ ചരമദിനമല്ലോ!!

പുസ്തകചങ്ങാതികൾ ഉല്ലാസഭരിതരായ്

മാനവർ തൻ

മനസ്സിൽ ആർത്തുല്ലസിച്ചീടുന്നു............

അറിവിന്റെ ചെപ്പിലെ അക്ഷര മുത്തുകൾ

വാരിയെടുക്കാനായ് പുസ്തകം വിതുമ്പുന്നു.

അറിവിന്റെ വള്ളിയിൽ ഊഞ്ഞാലാടീടു

വാൻ

പുസ്തക ചങ്ങാതികൾ മാടിവിളിച്ചീടുന്നു.

ശരീര സൗകുമാര്യം വർദ്ധിക്കുവാൻ വ്യാ

യാമം;

മനസ്സിൽ ആനന്ദത്തിന് പുസ്തകചങ്ങാതി

ലിറ്റിൽ കൈറ്റ്സ്

കുഞ്ഞുണ്ണിക്കവിതയും ഒ.എൻ.വി ലേഖന
വും
വായനദിനത്തിൽ നാം ഗ്രഹിച്ചിരിക്കേ
ണം..................................

പുസ്തകചങ്ങാതിതൻ ഹസ്തങ്ങൾ മെരുക്കു
വാൻ
ഈ ജന്മം നടക്കില്ല; ഇനി ജന്മം വേണം
താനും
പുസ്തകം ചങ്ങാതിയാണറിവിന്റെ
കടലാണ്
*ആ കടൽ നീന്തിക്കടക്കുന്നത്*
*പ്രയാസമാ!*

*SNEHA 9B*

**മാതൃ കേരളം**

കേരവൃക്ഷത്തെകൾക്ക് നടുവിലതാ

നമ്മെ സുന്ദരകേരളം മാടിവിളിക്കുന്നു.

കൃഷ്ണഗാഥതൻ വേണു ഉച്ചത്തിൽ

മുഴങ്ങുമ്പോൾ,

ആ വേണു ഗാനത്തിൽ കേരളം

തുടിക്കുന്നു.

രമണനും ചന്ദ്രികയും പ്രണയത്തിൻ

സ്വരങ്ങൾ ഉച്ചത്തിൽ പാടിടുന്ന അമ്മ

മലയാളം...................................

ഒ എൻ വി സൃഷ്ടിച്ചൊരാ മോഹത്തിൽ

മണിത്തെന്നൽ

ഈ കടൽത്തീരങ്ങളെ തഴുകിത്തളരുന്നു

വീണപൂവിൻ നൊമ്പരം മനസ്സിൽ

പതിപ്പിക്കും

ആശാന്റെ  പുഞ്ചിരി കേരളം വണങ്ങുന്നു.

സിന്ദൂര പൂരം പൂശി വന്നെത്തും

പുലരിയും...............

വൈരങ്ങൾ വാരി തൂകി വന്നെത്തും

രജനിയും..............

മാനവർ തങ്ങളുടെ നയനത്തെ

അവിശ്വസിച്ചിടുന്ന തരത്തിലാണീ

കലാ വൈഭവങ്ങൾ...............

ഈ മനോഹര സ്വർഗ്ഗം നമുക്ക്

സമ്മാനിച്ച പ്രകൃതി മാതാവിനെ

തൊഴുതുവണങ്ങുന്നു.....................

*GOKUL*

**മഴ വന്നു... മഴ**

ആകാശത്തിൽ കരിങ്കൊടി പാറി,

ആഹാ മഴയിങ്ങെത്തി പോയ്!

കുയിലുകൾ പാടി മയിലുകൾ ആടി

ആകെ വലിയൊരു ആഘോഷം......

ആനകളൊക്കെ വാലുകളാട്ടി മാനുകളൊ

ക്കെ തുള്ളിച്ചാടി.........

തവളക്കുട്ടൻ കീറി വിളിച്ചു പ്രേക്രോം...

പ്രേക്രോം മഴവന്നേ........

പ്രേക്രോം.... പ്രേക്രോം...... മഴവന്നേ......

വല്ലികാനടികൾ നൃത്തം ചെയ്തു.........

മീൻ കുഞ്ഞങ്ങൾ ആർത്തുവിളിച്ചു......

പക്ഷികളൊക്കെ കൂട്ടിലണഞ്ഞു........

ലിറ്റിൽ കൈറ്റ്സ്

തുള്ളിക്കൊരു കുടമായി മഴ പെയ്തു.....

തളിർത്ത ചെടികൾ പൂവണിയാറായ്.....

വാടിയ പൂക്കൾ പുഞ്ചിരി തൂകി..........

കാർമുകിലിനിടയിൽ സൂര്യൻ ഒളിച്ചു !!

മഴയുടെ ശക്തി വർദ്ധിച്ചു !!

ഇടിയുടെ ശബ്ദം മുഴങ്ങി നിന്നു !

മിന്നൽ പ്രകാശം പകർന്നുതന്നു !

മഴ പെയ്യട്ടെ..... മഴ പെയ്യട്ടെ......

മതിയാവോളം പെയ്യട്ടെ..........

*SNEHA 8B*

ബാല്യം മുതൽ വായനയിൽ അതീവ താൽപര്യമായിരുന്നനാരായണന്.ചങ്ങ നാശ്ശേരിയിലെ നീലം പേരൂർ ഗ്രാമത്തിലെ കർഷക കുടുംബത്തിലായി രുന്നു നാരായണന്റെ ജനനം. കുടുംബ ത്തിലെ സാമ്പത്തിക പ്രയാസം നാരായണന്റെ ഉന്നത പഠനത്തിന് തട സ്സമായിരുന്നു.സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം നീലംപേരൂർ മിസിൽ സ്കൂൾ അദ്ധ്യാപകനായി. പിൽക്കാലത്ത് മാതൃ കാ അദ്ധ്യാപകൻ,പൊതുപ്രവർത്തകൻ എന്നീ നിലകളിൽ പുതുവായി നാരായ

ണ പണിക്കർ പ്രസിദ്ധനായി. ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഒരു സങ്കടിത ശക്തിയാക്കി വളർത്തി കേരളത്തിൽ സാംസ്കാരിക വിപ്ലവത്തിന് തിരികൊളുത്തിയ പി. എൻ പണിക്കരായിരുന്നു അന്നത്തെ ആ ബാലൻ.

വായനയുടെ ഊർജ്ജം കേരളീയരെ ബോധ്യപ്പെടുത്തിയ അദ്ധേഹം നിരക്ഷരരായ ഗ്രാമീണ ജനതയെ അക്ഷര വെളിച്ചത്തിലേക്ക് ആനയിച്ചു. ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ച് നിന്ന അദ്ധേഹം രാജ്യത്തിന്റെ ഉന്നമനം ഗ്രമീണരുടെ ഉന്നമനത്തിൽ കൂടിയാണെന്ന ഉത്തമബോദ്ധ്യത്തോടെ പ്രവർത്തിച്ചു.

മലയാളത്തിലെ പ്രശസ്ത നടനും, രാഷ്ട്രീയ പ്രവർത്തകനും എഴുത്തുകാരനുമായ ഇന്നസെന്റ്, തനിക്ക് കാൻസർ പിടിപ്പെട്ട കാലത്തെ അനുഭവങ്ങൾ ക്രോഡീകരിച്ചെഴുതിയ ഓർമ്മക്കുറിപ്പാണ് "കാൻസർ വാർഡിലെ ചിരി".

തെക്കേത്തല വറീതിന്റേയും മർഗലീത്തയുടേയും മകനായി 1948 ഫെബ്രുവരി 28 ന് ഇരിങ്ങാലകുടയിൽ ജനിച്ചു.ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്കൂൾ,നാഷണൽ ഹൈസ്കൂൾ,ഡോൺ ബോസ്കോ എസ്.എൻ.എച്ച്.സ്കൂൾ

എന്നിവിടങ്ങളിൽ പഠിച്ചു. എട്ടാം ക്ലാസി
ൽ പഠിപ്പുനിർത്തി പലപല ജോലികളും
മാറിമാറിചെയ്യ്തു. രാഷ്ട്രീയരംഗത്ത്
സജീവമാണ്.മുനിസിപ്പൽ കൗൺസില
റായി.സംവിധായകൻ മോഹൻ മുകേനെ
യാണ് സിനിമാരംഗത്ത് വരുന്നത്.ആദ്യ
സിനിമ നൃത്തശാലയാണ്.[1972]
പ്രധാനകൃതികൾ:മഴക്കണ്ണാടി [കഥകൾ]
,ഞാൻ ഇന്നസെന്റ്,ചിരിക്കുപിന്നിൽ
[ആത്മകഥ].

ചിരിച്ചും ചിരിപ്പിച്ചും മലയാളിയു
ടെ ജീവിതത്തെ ആഘോഷപൂർണമാക്കു
ന്നതിനിടയിലാണ് ഇന്നസെന്റിന് കാൻ

സർ എന്ന മഹാവ്യാധിപിടിപ്പെടുന്നത്;
താമസിയാതെ ഭാര്യ ആലീസിനും.ആ
കാലത്തിന്റെ ഓർമ്മകളാണ് ഈ പുസ്ത
കം. ഇത് വായിച്ചു തീരുമ്പോൾ ഫലിത
ത്തിനും ഇച്ഛാശക്തിക്കും മുന്നിൽ മരണം
പോലും വഴിമാറുമെന്നും നാം തിരിച്ചറിയു
ന്നു. നിരാശരാകുമ്പോഴല്ല നേരിടുമ്പോഴാ
ണ് മഹാരോഗങ്ങളെയും ജീവിതദുരിത
ങ്ങളെയും മറികടക്കാൻ സാധിക്കുന്നതെ
ന്നു മനസ്സിലാക്കുന്നു.

ജീവിത പ്രശ്നങ്ങൾക്കു
മുന്നിൽ പകച്ചു നിൽക്കുന്നവർക്ക് പ്രചോ
ദനമാകുന്ന പുസ്തകമാണ് ഇന്നസെന്റിന്റേ
ത്.

NAVYA

**കീഴടക്കാം, വായനയെ**

*വെളിച്ചം നിറഞ്ഞുനിൽക്കുന്നിടത്തേക്ക് ഇരുട്ട് കയറിവരുന്നില്ല എന്നു കേട്ടിട്ടില്ലേ? മനുഷ്യന്റെ മനസിൽ പ്രകാശമുണ്ടെങ്കിൽ അവിടെയും ഇരുൾ പ്രകാശിക്കില്ല എന്നു തീർച്ചയാണ്. വായനയിൽ നിന്നുള്ള അറിവാണ് മനസ്സിൽ പ്രകാശിച്ചു നിൽക്കുക.*

*പുസ്തകങ്ങളെ ഗുരുവായും വഴികാട്ടിയായും നമ്മൾ സങ്കൽപ്പിച്ചു പോരുന്നു. ഈ ഗുരുക്കൻമാർ നമുക്കു തരുന്ന അറിവുകൾക്ക് അറ്റമില്ല. പുതിയ പുതിയ മേച്ചിൽപ്പുറങ്ങളിൽ അറിവുൾ നമ്മെ കൊണ്ടുചെന്നെത്തിക്കുകയാണ് ചെയ്യുന്ന*

ത് അറിവുകളും അനുഭവങ്ങളും നിറഞ്ഞ എത്രയെടുത്താലും തീരാത്ത പവിഴമണികളാണ് പുസ്തകങ്ങൾ നമ്മുക്ക നൽകുന്നത്.

വായിച്ചാൽ വിളയും വയിച്ചില്ലെങ്കിൽ വളയും എന്നാണ് കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുള്ളത്. എന്നാൽ വായിച്ചാലും വളയും. ഇതെങ്ങനെയാണെന്നോ? നിലവാരമില്ലാത്ത നേരം കൊല്ലികളായ ഉള്ളിത്തൊലി ചവറുകൾ,പൈങ്കിളികൾ, വെറും വായനയ്ക്ക് ഉപയോഗിക്കുന്ന ചന്ത സാഹിത്യം,മഞ്ഞപ്പത്രങ്ങൾ എല്ലാം ഈ ഗണത്തിലാണ് പെടുന്നത്. അതുകൊണ്ടു കൂടിയാണ് വായനയിൽ ഒരു തിരഞ്ഞെടു

പ്പ് വേണമെന്ന് പറയുന്നത്. ചരിത്രം, ശാസ്ത്രം, പൊതു വിജ്ഞാനം എന്നിങ്ങനെയുള്ള മേഖലകളിലെ പുസ്തകങ്ങൾ നമ്മൾ തേടിപ്പിടിച്ച് വായിക്കണം.

വായനയെ ജനകീയമായും പുസ്തകങ്ങളെ ചങ്ങാതിമാരാക്കാനും ഓരോ മുക്കിലും മൂലയിലും സഞ്ചരിച്ച പി. എൻ പണിക്കരുടെ ചരമദിനമാണ് വായനാ ദിനമായി ആചരിക്കുന്നത്. ഗ്രന്ഥശാലകളുടെ കൂട്ടായിമയായ കേരള ഗ്രന്ഥശാല സംഘത്തിനുവേണ്ടി പി. എൻ പണിക്കർ ചെയ്യ്ത പ്രവർത്തനങ്ങൾ വളരെ വലുതാണ്. വായനയുടെ ഗൗരവവും ആവശ്യകതയും വിദ്യാലയങ്ങളിൽ എത്തി

ക്കുക എന്നതാണ് ഓരോ വർഷവും സ്
കൂൾ തുറന്ന് മൂന്നാമത്തെ ആഴ്ച്ച വായനവാ
രം കൊണ്ടാടാൻ നിഷ്കരിക്കപ്പെടുന്നത്.

*SREYA*